# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ജനുവരി 20

# വാർത്താക്കുറിപ്പ്

## പ്രൊഫ. സാബു തോമസിന് അക്കാദമി ഓഫ് ഫിസിക്കൽ സയൻസസ് വിശിഷ്ടാംഗത്വം

മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന് ഇന്റർനാഷണൽ അക്കാദമി ഓഫ് ഫിസിക്കൽ സയൻസസിന്റെ വിശിഷ്ടാംഗത്വം. രസതന്ത്രം, പോളിമർ സയൻസ്, നാനോ ടെക്നോളജി എന്നിവയിലെ രാജ്യാന്തര നേട്ടങ്ങൾ പരിഗണിച്ചാണ് അംഗത്വം നൽകിയത്.

ഹരിയാനയിലെ ഹിസാറിൽ നടന്ന രാജ്യാന്തര സെമിനാറിൽ അക്കാദമി പ്രസിഡന്റ് കെ.ബി. പാണ്ഡേയ, ജനറൽ സെക്രട്ടറി പി.എൻ. പാണ്ഡെ എന്നിവർ ചേർന്ന് വിശിഷ്ടാംഗത്വം കൈമാറി. പ്രശസ്ത നാനോ ശാസ്ത്രജ്ഞനായ പ്രൊഫ. സാബു തോമസിന്റെ അക്കാദമിക പ്രസിദ്ധീകരണ മികവ് അളക്കുന്ന ഗൂഗിൾ എച്ച് ഇൻഡക്സ് 100 പിന്നിട്ടിരുന്നു.

### ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന് ഇന്റർനാഷണൽ അക്കാദമി ഓഫ് ഫിസിക്കൽ സയൻസസിന്റെ വിശിഷ്ടാംഗത്വം ഹരിയാനയിലെ ഹിസാറിൽ നടന്ന ചടങ്ങിൽ അക്കാദമി പ്രസിഡന്റ് കെ.ബി. പാണ്ഡേയ, ജനറൽ സെക്രട്ടറി പി.എൻ. പാണ്ഡെ എന്നിവർ ചേർന്ന് കൈമാറുന്നു**

(പി.ആർ.ഒ/39/101/2020)

## പരീക്ഷ തീയതി

മൂന്നാം വർഷ ബി.പി.ടി. (2016 അഡ്മിഷൻ റഗുലർ/2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി ഏഴുമുതൽ ആരംഭിക്കും. പിഴയില്ലാതെ ജനുവരി 22 വരെയും 525 രൂപ പിഴയോടെ 23 വരെയും 1050 രൂപ സൂപ്പർഫൈനോടെ 24 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ വീതവും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/102/2020)

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ മൂന്നും ഒന്നും സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (4 പി.എം. - 9 പി.എം.) സപ്ലിമെന്ററി പരീക്ഷകൾ യഥാക്രമം ഫെബ്രുവരി ഏഴ്, 10 തീയതികളിൽ ആരംഭിക്കും. പിഴയില്ലാതെ ജനുവരി 22 വരെയും 525 രൂപ പിഴയോടെ 23 വരെയും 1050 രൂപ സൂപ്പർഫൈനോടെ 24 വരെയും അപേക്ഷിക്കാം. വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ വീതം (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/103/2020)

നാലാം വർഷ ബി.എസ്‌സി. മെഡിക്കൽ മൈക്രോബയോളജി റഗുലർ (2015 അഡ്മിഷൻ) പരീക്ഷകൾ ഫെബ്രുവരി അഞ്ചുമുതൽ ആരംഭിക്കും. പിഴയില്ലാതെ ജനുവരി 22 വരെയും 525 രൂപ പിഴയോടെ 23 വരെയും 1050 രൂപ സൂപ്പർഫൈനോടെ 24 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/104/2020)

## പ്രാക്ടിക്കൽ

2019 നവംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ഐ.എം.സി.എ. (പുതിയ സ്കീം - 2017 അഡ്മിഷൻ റഗുലർ)/ഡി.ഡി.എം.സി.എ. (2014-2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ജനവരി 27 മുതൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/105/2020)

2019 ഡിസംബറിൽ നടന്ന അഫിലിയേറ്റഡ് കോളേജുകളിലെ രണ്ടാം സെമസ്റ്റർ ബി.എൽ.ഐ.എസ്സി. (2018 അഡ്മിഷൻ റഗുലർ/2018ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) - അഫിലിയേറ്റഡ് കോളേജുകളും ഡിപ്പാർട്ട്മെന്റുകളും, 2016 അഡ്മിഷൻ സപ്ലിമെന്ററി (ഡിപ്പാർട്ട്മെന്റ് മാത്രം) പ്രാക്ടിക്കൽ പരീക്ഷ ജനവരി 30, 31 തീയതികളിൽ ഏറ്റുമാനൂർ ഏറ്റുമാനൂരപ്പൻ കോളേജ്, കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജ് എന്നിവിടങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/106/2020)

## പരീക്ഷ ഫലം

2019 നവംബറിൽ കെ.എൻ. രാജ് സ്റ്റഡി സെന്റർ ഫോർ പ്ലാനിംഗ് ആന്റ് സെന്റർ-സ്റ്റേറ്റ് ഫിനാൻഷ്യൽ റിലേഷൻസിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/107/2020)

## പി.എച്ച്ഡി. നൽകി

റിഹാബിലിറ്റേഷൻ നഴ്സിംഗിൽ രോഹിണി യു.കെ. നായർ, മിനി പോൾ, ബോട്ടണിയിൽ പിങ്കി ചെറിയാൻ, സുവോളജിയിൽ ആൻ മേരി ജേക്കബ്, പി. ചിത്ര, ടി.പി. റബീഷ്, കമ്പ്യൂട്ടർ സയൻസിൽ കെ. ശ്യാം കുമാർ, മാത്തമാറ്റിക്സിൽ ജയ എബ്രഹാം, എജ്യൂക്കേഷനിൽ ആർ. സുരേഷ് ചന്ദ്ര കുറുപ്പ്, ഇ.ടി. ഷക്കീർ, വി.പി. രവീന്ദ്രൻ, പി.എൻ. ഫൈസൽ, ഷിംന സുരേഷ്, സ്റ്റാറ്റിസ്റ്റിക്സിൽ സിബിൽ ജോസ്, ഫിസിക്സിൽ ജിജി കോശി, ദിന അലക്സാണ്ടർ, എൻ.ജെ. സിമി, ഇ. ശ്രീജ, മൈക്രോബയോളജിയിൽ എം.എ. സുനിൽ, കെമിസ്ട്രിയിൽ ആൻസ് മരിയ തോമസ്, അനു ജോയ്, മ്യൂസിക്കിൽ സി. ധർമ്മജൻ, എൻവയൺമെന്റൽ സയൻസസിൽ ബാബു പദ്മകുമാർ, മാനേജ്മെന്റ് സ്റ്റഡീസിൽ മാത്യു ജോൺ എന്നിവർക്ക് പി.എച്ച്ഡി. നൽകാൻ മഹാത്മാ ഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചു.

(പി.ആർ.ഒ/39/108/2020)

## കൗൺസിലർ ഒഴിവ്; ഇന്റർവ്യൂ 29ന്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ സൈക്കോളജിക്കൽ കൗൺസലിംഗ് സെന്ററിൽ കൗൺസിലർമാരുടെ ഒഴിവുണ്ട്. പ്രോജക്ട് കോർഡിനേറ്റർ, കൗൺസിലർ ട്രെയിനി വിഭാഗങ്ങളിൽ ഓരോ ഒഴിവാണുള്ളത്. സൈക്കോളജിയിൽ മാസ്റ്റർ ബിരുദമുള്ള ഉദ്യോഗാർഥികൾക്ക് ജനവരി 29ന് രാവിലെ 10.30ന് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കാം.

(പി.ആർ.ഒ/39/109/2020)

## എം.ജി.യിൽ ഒരാഴ്ചത്തെ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന് തുടക്കം

എയ്ഡഡ്, ഗവൺമെന്റ് കോളേജുകൾ/സർവകലാശാല അധ്യാപകർക്കായി മഹാത്മാ ഗാന്ധി സർവകലാശാല കോളേജ് ഡെവലപ്മെന്റ് കൗൺസിൽ സംഘടിപ്പിക്കുന്ന ഒരാഴ്ചത്തെ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന് തുടക്കം. മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സ് സെമിനാർ ഹാളിൽ സിൻഡിക്കേറ്റംഗം ഡോ. ആർ. പ്രഗാഷ് ഉദ്ഘാടനം നിർവഹിച്ചു.

സിൻഡിക്കേറ്റംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് അധ്യക്ഷത വഹിച്ചു. ഉത്തർപ്രദേശ് മുൻ ഡി.ജി.പി. എബ്രഹാം കുര്യൻ മുഖ്യപ്രഭാഷണം നടത്തി. സിൻഡിക്കേറ്റംഗം ഡോ. കെ.എം. കൃഷ്ണൻ, ഡോ. പി.ആർ. ബിജു, ഡോ. എസ്. ഹരികുമാർ എന്നിവർ പ്രസംഗിച്ചു. റിസർച്ച് മെതഡോളജി, ഔട്ട്കം ബേസ്ഡ് എജ്യൂക്കേഷൻ, ഭാഷാ ശാസ്ത്രം, ഇന്റർനെറ്റ് ലിറ്ററേച്ചർ റിവ്യൂ, ഡിസെബിലിറ്റി സ്റ്റഡീസ് അടക്കം വിവിധ വിഷയങ്ങളിലാണ് അധ്യാപകർക്ക് പരിശീലനം നൽകുക.

# ഫോട്ടോ ക്യാപ്ഷൻ

എയ്ഡഡ്, ഗവൺമെന്റ് കോളേജുകൾ/സർവകലാശാല അധ്യാപകർക്കായി മഹാത്മാ ഗാന്ധി സർവകലാശാല കോളേജ് ഡെവലപ്മെന്റ് കൗൺസിൽ സംഘടിപ്പിക്കുന്ന ഒരാഴ്ചത്തെ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സ് സെമിനാർ ഹാളിൽ സിൻഡിക്കേറ്റംഗം ഡോ. ആർ. പ്രഗാഷ് ഉദ്ഘാടനം ചെയ്യുന്നു

(പി.ആർ.ഒ/39/110/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ജനുവരി 20

# വാർത്താക്കുറിപ്പ്

## പ്രൊഫ. സാബു തോമസിന് അക്കാദമി ഓഫ് ഫിസിക്കൽ സയൻസസ് വിശിഷ്ടാംഗത്വം

മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന് ഇന്റർനാഷണൽ അക്കാദമി ഓഫ് ഫിസിക്കൽ സയൻസസിന്റെ വിശിഷ്ടാംഗത്വം. രസതന്ത്രം, പോളിമർ സയൻസ്, നാനോ ടെക്നോളജി എന്നിവയിലെ രാജ്യാന്തര നേട്ടങ്ങൾ പരിഗണിച്ചാണ് അംഗത്വം നൽകിയത്.

ഹരിയാനയിലെ ഹിസാറിൽ നടന്ന രാജ്യാന്തര സെമിനാറിൽ അക്കാദമി പ്രസിഡന്റ് കെ.ബി. പാണ്ഡേയ, ജനറൽ സെക്രട്ടറി പി.എൻ. പാണ്ഡെ എന്നിവർ ചേർന്ന് വിശിഷ്ടാംഗത്വം കൈമാറി. പ്രശസ്ത നാനോ ശാസ്ത്രജ്ഞനായ പ്രൊഫ. സാബു തോമസിന്റെ അക്കാദമിക പ്രസിദ്ധീകരണ മികവ് അളക്കുന്ന ഗൂഗിൾ എച്ച് ഇൻഡക്സ് 100 പിന്നിട്ടിരുന്നു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന് ഇന്റർനാഷണൽ അക്കാദമി ഓഫ് ഫിസിക്കൽ സയൻസസിന്റെ വിശിഷ്ടാംഗത്വം ഹരിയാനയിലെ ഹിസാറിൽ നടന്ന ചടങ്ങിൽ അക്കാദമി പ്രസിഡന്റ് കെ.ബി. പാണ്ഡേയ, ജനറൽ സെക്രട്ടറി പി.എൻ. പാണ്ഡെ എന്നിവർ ചേർന്ന് കൈമാറുന്നു**

(പി.ആർ.ഒ/39/101/2020)

## പരീക്ഷ തീയതി

മൂന്നാം വർഷ ബി.പി.ടി. (2016 അഡ്മിഷൻ റഗുലർ/2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി ഏഴുമുതൽ ആരംഭിക്കും. പിഴയില്ലാതെ ജനുവരി 22 വരെയും 525 രൂപ പിഴയോടെ 23 വരെയും 1050 രൂപ സൂപ്പർഫൈനോടെ 24 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ വീതവും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/102/2020)

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ മൂന്നും ഒന്നും സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (4 പി.എം. - 9 പി.എം.) സപ്ലിമെന്ററി പരീക്ഷകൾ യഥാക്രമം ഫെബ്രുവരി ഏഴ്, 10 തീയതികളിൽ ആരംഭിക്കും. പിഴയില്ലാതെ ജനുവരി 22 വരെയും 525 രൂപ പിഴയോടെ 23 വരെയും 1050 രൂപ സൂപ്പർഫൈനോടെ 24 വരെയും അപേക്ഷിക്കാം. വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ വീതം (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/103/2020)

നാലാം വർഷ ബി.എസ്‌സി. മെഡിക്കൽ മൈക്രോബയോളജി റഗുലർ (2015 അഡ്മിഷൻ) പരീക്ഷകൾ ഫെബ്രുവരി അഞ്ചുമുതൽ ആരംഭിക്കും. പിഴയില്ലാതെ ജനുവരി 22 വരെയും 525 രൂപ പിഴയോടെ 23 വരെയും 1050 രൂപ സൂപ്പർഫൈനോടെ 24 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/104/2020)

## പ്രാക്ടിക്കൽ

2019 നവംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ഐ.എം.സി.എ. (പുതിയ സ്കീം - 2017 അഡ്മിഷൻ റഗുലർ)/ഡി.ഡി.എം.സി.എ. (2014-2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ജനവരി 27 മുതൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/105/2020)

2019 ഡിസംബറിൽ നടന്ന അഫിലിയേറ്റഡ് കോളേജുകളിലെ രണ്ടാം സെമസ്റ്റർ ബി.എൽ.ഐ.എസ്‌സി. (2018 അഡ്മിഷൻ റഗുലർ/2018ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) - അഫിലിയേറ്റഡ് കോളേജുകളും ഡിപ്പാർട്ട്മെന്റുകളും, 2016 അഡ്മിഷൻ സപ്ലിമെന്ററി (ഡിപ്പാർട്ട്മെന്റ് മാത്രം) പ്രാക്ടിക്കൽ പരീക്ഷ ജനവരി 30, 31 തീയതികളിൽ ഏറ്റുമാനൂർ ഏറ്റുമാനൂരപ്പൻ കോളേജ്, കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജ് എന്നിവിടങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/106/2020)

## പരീക്ഷ ഫലം

2019 നവംബറിൽ കെ.എൻ. രാജ് സ്റ്റഡി സെന്റർ ഫോർ പ്ലാനിംഗ് ആന്റ് സെന്റർ-സ്റ്റേറ്റ് ഫിനാൻഷ്യൽ റിലേഷൻസിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/107/2020)

## പി.എച്ച്ഡി. നൽകി

റിഹാബിലിറ്റേഷൻ നഴ്സിംഗിൽ രോഹിണി യു.കെ. നായർ, മിനി പോൾ, ബോട്ടണിയിൽ പിങ്കി ചെറിയാൻ, സുവോളജിയിൽ ആൻ മേരി ജേക്കബ്, പി. ചിത്ര, ടി.പി. റബീഷ്, കമ്പ്യൂട്ടർ സയൻസിൽ കെ. ശ്യാം കുമാർ, മാത്തമാറ്റിക്സിൽ ജയ എബ്രഹാം, എജ്യൂക്കേഷനിൽ ആർ. സുരേഷ് ചന്ദ്ര കുറുപ്പ്, ഇ.ടി. ഷക്കീർ, വി.പി. രവീന്ദ്രൻ, പി.എൻ. ഫൈസൽ, ഷിംന സുരേഷ്, സ്റ്റാറ്റിസ്റ്റിക്സിൽ സിബിൽ ജോസ്, ഫിസിക്സിൽ ജിജി കോശി, ദിന അലക്സാണ്ടർ, എൻ.ജെ. സിമി, ഇ. ശ്രീജ, മൈക്രോബയോളജിയിൽ എം.എ. സുനിൽ, കെമിസ്ട്രിയിൽ ആൻസ് മരിയ തോമസ്, അനു ജോയ്, മ്യൂസിക്കിൽ സി. ധർമ്മജൻ, എൻവയൺമെന്റൽ സയൻസസിൽ ബാബു പദ്മകുമാർ, മാനേജ്മെന്റ് സ്റ്റഡീസിൽ മാത്യു ജോൺ എന്നിവർക്ക് പി.എച്ച്ഡി. നൽകാൻ മഹാത്മാ ഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചു.

(പി.ആർ.ഒ/39/108/2020)

## കൗൺസിലർ ഒഴിവ്; ഇന്റർവ്യൂ 29ന്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ സൈക്കോളജിക്കൽ കൗൺസലിംഗ് സെന്ററിൽ കൗൺസിലർമാരുടെ ഒഴിവുണ്ട്. പ്രോജക്ട് കോർഡിനേറ്റർ, കൗൺസിലർ ട്രെയിനി വിഭാഗങ്ങളിൽ ഓരോ ഒഴിവാണുള്ളത്. സൈക്കോളജിയിൽ മാസ്റ്റർ ബിരുദമുള്ള ഉദ്യോഗാർഥികൾക്ക് ജനവരി 29ന് രാവിലെ 10.30ന് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കാം.

(പി.ആർ.ഒ/39/109/2020)

## എം.ജി.യിൽ ഒരാഴ്ചത്തെ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന് തുടക്കം

എയ്ഡഡ്, ഗവൺമെന്റ് കോളേജുകൾ/സർവകലാശാല അധ്യാപകർക്കായി മഹാത്മാ ഗാന്ധി സർവകലാശാല കോളേജ് ഡെവലപ്മെന്റ് കൗൺസിൽ സംഘടിപ്പിക്കുന്ന ഒരാഴ്ചത്തെ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന് തുടക്കം. മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സ് സെമിനാർ ഹാളിൽ സിൻഡിക്കേറ്റംഗം ഡോ. ആർ. പ്രഗാഷ് ഉദ്ഘാടനം നിർവഹിച്ചു.

സിൻഡിക്കേറ്റംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് അധ്യക്ഷത വഹിച്ചു. ഉത്തർപ്രദേശ് മുൻ ഡി.ജി.പി. എബ്രഹാം കുര്യൻ മുഖ്യപ്രഭാഷണം നടത്തി. സിൻഡിക്കേറ്റംഗം ഡോ. കെ.എം. കൃഷ്ണൻ, ഡോ. പി.ആർ. ബിജു, ഡോ. എസ്. ഹരികുമാർ എന്നിവർ പ്രസംഗിച്ചു. റിസർച്ച് മെതഡോളജി, ഔട്ട്കം ബേസ്ഡ് എജ്യൂക്കേഷൻ, ഭാഷാ ശാസ്ത്രം, ഇന്റർനെറ്റ് ലിറ്ററേച്ചർ റിവ്യൂ, ഡിസെബിലിറ്റി സ്റ്റഡീസ് അടക്കം വിവിധ വിഷയങ്ങളിലാണ് അധ്യാപകർക്ക് പരിശീലനം നൽകുക.

<u>**ഫോട്ടോ ക്യാപ്ഷൻ**</u>

**എയ്ഡഡ്, ഗവൺമെന്റ് കോളേജുകൾ/സർവകലാശാല അധ്യാപകർക്കായി മഹാത്മാ ഗാന്ധി സർവകലാശാല കോളേജ് ഡെവലപ്മെന്റ് കൗൺസിൽ സംഘടിപ്പിക്കുന്ന ഒരാഴ്ചത്തെ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സ് സെമിനാർ ഹാളിൽ സിൻഡിക്കേറ്റംഗം ഡോ. ആർ. പ്രഗാഷ് ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ/39/110/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ